## പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1627** **06.03.2017 ൽ മറുപടിയ്ക്ക്**

## പഞ്ചായത്ത് ലൈബ്രറികളിലെ ലൈബ്രേറിയന്മാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | പതിനൊന്നിന പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് ലൈബ്രറികളിൽ നിയമിക്കപ്പെട്ട ലൈബ്രേറിയന്മാരുടെ നിലവിലെ വേതനം എത്ര രൂപയാണ്; | (എ) | പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിതമായ സാംസ്കാരിക നിലയങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരിൽ 31.12.2000 ന് മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന 319 പേരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയിരുന്നു. ടിയാളുകൾക്ക് ₹ 10620-16460 സ്കെയിലിൽ നിലവിൽ ശമ്പളം ലഭിക്കുന്നുണ്ട്. 31.12.2000 ന് ശേഷം നിയമിതരായ ലൈബ്രേറിയന്മാർക്ക് 2050/- രൂപ മാസവേതനമാണ് ലഭിക്കുന്നത്. |
| (ബി) | പ്രസ്തുത ലൈബ്രേറിയന്മാരെ പഞ്ചായത്തിന്റെ ഉദ്യോഗസ്ഥരായി പരിഗണിച്ചിട്ടുണ്ടോ; | (ബി) | ടിയാളുകൾ പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇവരെ പഞ്ചായത്തിന്റെ ഉദ്യോഗസ്ഥരായി പരിഗണിച്ചിട്ടില്ല. |
| (സി) | പ്രസ്തുത വിഭാഗം ആൾക്കാർക്ക് ലൈബ്രേറിയന്മാരുടെ ചുമതലയ്ക്ക് പുറമേ മറ്റ് ജോലികൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | അത്തരം ലൈബ്രേറിയന്മാർക്ക് മറ്റുജോലികൾ നിശ്ചയിച്ച് നൽകികൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 181 (4), 184 എന്നിവ പ്രകാരം പഞ്ചായത്തുകൾക്ക് അതിന്റെ ഉദ്യോഗസ്ഥർക്ക് ജോലി |

| | | | |
|---|---|---|---|
| | | | വിഭജന ഉത്തരവ് പ്രകാരം ജോലി നിശ്ചയിച്ച് നൽകാവുന്നതാണ്. അപ്രകാരം ചില പഞ്ചായത്തുകളിൽ സാംസ്കാരിക പ്രവർത്തനങ്ങൾ, ജനകീയാസൂത്രണം എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ കൂടി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ലൈബ്രേറിയന്മാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ